ജീവിക്കാൻ പറ്റിയ ഏറ്റവും നല്ല രണ്ടാമത്തെ നഗരം മുംബയ്

മുംബയ്: ജീവിക്കാൻ പറ്റിയ രാജ്യത്തെ ഏറ്റവും നല്ല രണ്ടാമത്തെ നഗരം മുംബയാണെന്ന് പഠനറിപ്പോർട്ട്. ഡൽഹിയാണ് ഒന്നാം സ്ഥാനത്ത്. കോൺഫെഡറേഷൻ ഒഫ് ഇന്ത്യൻ ഇൻഡസ്ട്രിയും ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോപറ്റീവ്നസും ചേർന്നു നടത്തിയ ലിവബലിറ്റി ഇൻഡക്സ് 2010 എന്ന സർവേയിലാണ് ഇക്കാര്യം വ്യക്തമായത്.

ജീവിതനിലവാരം, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലം, പരിസ്ഥിതി, വിദ്യാഭ്യാസം, ചികിത്സാ നിലവാരം എന്നിങ്ങനെ വിവിധ കാര്യങ്ങളെ അടിസ്ഥാനമാക്കി രാജ്യത്തെ 37 രാജ്യങ്ങളെ പഠനവിധേയമാക്കിയാണ് റിപ്പോർട്ട് ഉണ്ടാക്കിയിരിക്കുന്നത്. ചെന്നൈയാണ് മൂന്നാം സ്ഥാനത്ത്. തുടർന്നുള്ള സ്ഥാനങ്ങളിൽ യഥാക്രമം ബാംഗ്ലൂർ, കൊൽക്കത്ത, ഹൈദരാബാദ്, പൂനെ, അഹമ്മദാബാദ് എന്നീ നഗരങ്ങളാണ്. ഫരീദാബാദ്, ലുധിയാന, പാറ്റ്ന, വിശാഖപട്ടണം, ജാംഷഡ്പൂർ എന്നീ നഗരങ്ങളാണ് പട്ടികയിൽ അവസാനമായി സ്ഥാനംപിടിച്ചിരിക്കുന്നത്.

ഡൽഹിയാണ് ഒന്നാം സ്ഥാനത്തെങ്കിലും നഗരാസൂത്രണം, രാഷ്ട്രീയ സാമൂഹിക പശ്ചാത്തലം എന്നീ കാര്യങ്ങളിൽ മുംബയ് നഗരംതന്നെയാണ് ഒന്നാമത്. ചികിത്സാ നിലവാരത്തിന്റെ കാര്യത്തിൽ മാത്രമാണ് മുംബയ് നഗരം ഏറെ പിന്നിലായിരിക്കുന്നത്. ഇക്കാര്യത്തിൽ 12-ാം സ്ഥാനമാണ് നഗരത്തിനുള്ളത്.

സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഡൽഹിയെ എല്ലാവരും തള്ളിപ്പറയുന്നുണ്ടെങ്കിലും സർവേ റിപ്പോർട്ടിൽ ഡൽഹിക്ക് ഒന്നാം സ്ഥാനമാണെന്നതാണ് വിരോധാഭാസമായിരിക്കുന്നത്.

പാർപ്പിടനിലവാരത്തിൽ ബാംഗ്ലൂർ, ഭുവനേശ്വർ, ചാണ്ഡിഗഢ്, ഡെറാഡൂൺ, ഗുർഗാവ്, നോയിഡ എന്നീ നഗരങ്ങളാണ് മുന്നിൽ.

പാൻകാർഡ് വിതരണം: യു.ടി.ഐ വൺ സ്റ്റോപ്പ് ഷോപ്പുമായി ധാരണയായി

മുംബയ്: ഇടപാടുകൾക്ക് പാൻകാർഡ് നിർബന്ധമായിരിക്കെ പാൻകാർഡ് വിതരണത്തിനായി ഭാരത സർക്കാർ ഉടമസ്ഥതയിലുള്ള യു.ടി.ഐ ടെക്നോളജി സർവീസ് ലിമിറ്റഡും ഐ.എസ്.ഒ സർട്ടിഫൈഡ് കമ്പനിയായ വൺസ്റ്റോപ്പ് ഷോപ്പും ധാരണയായി. പാൻകാർഡ് ലഭിക്കുന്നതിലെ കാലതാമസവും സങ്കീർണ്ണതകളും ഒഴിവാക്കുകയാണ് സംയുക്ത സംരംഭംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഒ.എസ്.എസ് ചെയർമാൻ സുബാഷ് ജുവരിയ പറഞ്ഞു. ധാരണ പ്രകാരം ഉപഭോക്താക്കൾക്ക് പാൻകാർഡിനുള്ള അപേക്ഷാ ഫോറവും മറ്റു രേഖകളും ഒരു സ്ഥലത്തുതന്നെ നൽകിയാൽ മതിയാകും. പാൻകാർഡ് നൽകാൻ ഏജന്റുമാർ അനധികൃതമായി പണം വാങ്ങുന്നത് തടയുക എന്ന ലക്ഷ്യവും ഈ സംരംഭത്തിനുണ്ട്.

പെൺകുട്ടിയെ മാനഭംഗപ്പെടുത്തി കൊന്ന കേസ്: ഒരാൾ അറസ്റ്റിൽ

മുംബയ്: കുർളയിൽ ഒമ്പതുവയസുകാരിയെ മാനഭംഗപ്പെടുത്തി കൊന്ന കേസിലെ പ്രതിയെന്നു സംശയിക്കുന്നയാളെ പൊലീസ് അറസ്റ്റ് ചെയ്തു.

മുഹമ്മദ് അജ്മരി ഷെയ്ഖ് (30) എന്നയാളെയാണ് നെഹ്രുനഗർ പൊലീസ് അറസ്റ്റ് ചെയ്തത്.

കോടതിയിൽ ഹാജരാക്കിയ ഇയാളെ എട്ടു ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വിട്ടു.

സംഭവവുമായി ബന്ധപ്പെട്ട് ആറുപേരെ പൊലീസ് നേരത്തെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിരുന്നു.

ശനിയാഴ്ച വീട്ടിൽനിന്ന് കാണാതായ പെൺകുട്ടിയുടെ ഇുഡം കഴിഞ്ഞ ഞായറാഴ്ച രാവിലെ 9 ഓടെയാണ് കുർള പൊലീസ് ക്വാർട്ടേഴ്സിന്റെ ടെറസിൽ കണ്ടെത്തിയത്.

നെഹ്രുനഗർ പൊലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള ഒരു കെട്ടിടത്തിൽ ഇങ്ങനെയൊരു ക്രൂരസംഭവം നടന്നത് പരിസരവാസികളെ ഞെട്ടിച്ചിരിക്കുകയാണ്. പെൺകുട്ടിയുടെ ഇുഡം കണ്ടെത്തിയ കെട്ടിടത്തിൽത്തന്നെയാണ് നെഹ്രുനഗർ പൊലീസ് സ്റ്റേഷനിലെ സീനിയർ ഇൻസ്പെക്ടർ പ്രകാശ് കാലെ താമസിക്കുന്നതെന്നതും ചർച്ചാവിഷയമായിരിക്കുകയാണ്.

ബാഗ് നിർമ്മാണശാലയിൽ തീപിടിത്തം

മുംബയ്: ഘാട്കോപ്പർ നാരായൺ നഗറിലെ ബർദൻ ഗല്ലിയിലുള്ള ബാഗ് നിർമ്മാണശാലയിൽ ഇന്നലെ വൻ അഗ്നിബാധ ഉണ്ടായി. ഫാക്ടറിയുടെ ഒരു ഭാഗത്തുണ്ടായ തീപിടിത്തം ക്രമേണ ഫാക്ടറി മുഴുവൻ ആളിപ്പിടിക്കുകയായിരുന്നു. ലക്ഷക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായെങ്കിലും ആളപായം ഉണ്ടായില്ല.

പന്ത്രണ്ട് അഗ്നിശമന യന്ത്രങ്ങൾ മണിക്കൂറുകളോളം ശ്രമിച്ചതിന്റെ ഫലമായാണ് തീ നിയന്ത്രണവിധേയമാക്കിയത്. തീപിടിത്തത്തിനുള്ള കാരണം വ്യക്തമായിട്ടില്ലെന്നും അന്വേഷണം നടന്നുവരികയാണെന്നും അഗ്നിശമന സേനാ ഉദ്യോഗസ്ഥർ പറഞ്ഞു.

ഘാട്കോപ്പർ നാരായൺ നഗറിലെ ബാഗ് നിർമ്മാണ ഫാക്ടറിയിൽ ഇന്നലെ ഉണ്ടായ തീപിടിത്തം.

മുംബയ് സാഹിത്യവേദിയുടെ വി.ടി. ഗോപാലകൃഷ്ണൻ സ്മാരക പുരസ്കാരം മാട്ടുംഗ കേരള ഭവനിൽ നടന്ന ചടങ്ങിൽ മഹാരാഷ്ട്ര ഗവർണർ കെ. ശങ്കരനാരായണൻ നോവലിസ്റ്റ് ബാലകൃഷ്ണന് നൽകുന്നു.

റെയിൽവേ കൂപ്പൺ തെളിവായി; കൊലക്കേസിലെ പ്രതികൾ പിടിയിൽ

മുംബയ്: മൃതദേഹത്തിൽനിന്ന് ലഭിച്ച റെയിൽവേ കൂപ്പൺ അടിസ്ഥാനമാക്കി നടത്തിയ അന്വേഷണത്തിനൊടുവിൽ കൊലക്കേസിലെ പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തു.

ഒരു മാസം മുമ്പ് മൽവാണി ആദുവപട്ടയിൽ മുഹമ്മദ് ഷെയ്ഖ് എന്നയാളെ കൊലപ്പെടുത്തിയ കേസിലെ പ്രതി സുജിത് റാഥോഡിനെയാണ് മുംബയ് പൊലീസ് ഇന്നലെ അറസ്റ്റ് ചെയ്തത്.

മുഹമ്മദ് ഷെയ്ഖിന്റെ ചീഞ്ഞളിഞ്ഞ മൃതദേഹത്തിൽനിന്ന് ലഭിച്ച റെയിൽവേ കൂപ്പൺ മീരാറോഡ് റെയിൽവേ സ്റ്റേഷനിൽനിന്ന് വാങ്ങിയതാണെന്ന് മനസിലാക്കിയ പൊലീസ് മീരാറോഡ് കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിലാണ് കേസിന് തുമ്പുണ്ടായത്.

ജനുവരി 24ന് ഭാര്യാസഹോദരൻ തൻവീർ സയ്യദുമായി പുറത്തുപോയ മുഹമ്മദ് ഷെയ്ഖ് തിരിച്ചുവന്നിരുന്നില്ല. ഇതേ തുടർന്ന് ഭാര്യ പൊലീസിൽ പരാതി നൽകിയിരുന്നു. ഇതു കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷമാണ് മൽവാണിയിൽ അജ്ഞാത മൃതദേഹം ചീഞ്ഞളിഞ്ഞ നിലയിൽ കണ്ടെത്തിയത്. മീരാറോഡ് പൊലീസിൽ മുഹമ്മദ് ഷെയ്ഖ് എന്നയാളെ കാണാതായതായി രജിസ്റ്റർ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ ഷെയ്ഖിന്റെ ഭാര്യയിൽനിന്ന് മൊഴിയെടുത്തപ്പോൾ ഭാര്യാസഹോദരൻ തൻവീറിനൊപ്പമാണ് ഷെയ്ഖ് പുറത്തുപോയതെന്ന് മനസിലാക്കിയ പൊലീസ് തൻവീറിനെ ചോദ്യം ചെയ്തപ്പോഴാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്. തന്റെ ഭാര്യ തബസിമിനെ മുഹമ്മദ് ഷെയ്ഖ് ശല്യം ചെയ്യുന്നുണ്ടെന്നും ഇതിനാൽ താനും ഭാര്യയും ചേർന്ന് സുജിത് റാഥോഡ് എന്ന വാടകക്കൊലയാളിക്ക് 25,000 രൂപ നൽകിയാണ് കൊലപാതകം നടത്തിയതെന്നും തൻവീർ പൊലീസിനോട് സമ്മതിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ റാഥോഡിനെ പൊലീസ് പൂനെയിൽനിന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു.

സുജിത് റാഥോഡിനെ ഒന്നാം പ്രതിയായും തൻവീർ, ഭാര്യ തബസും എന്നിവരെ രണ്ടും മൂന്നും പ്രതികളാക്കിയും കൊലക്കുറ്റം രജിസ്റ്റർ ചെയ്തതായി സോൺ 9 ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ സഞ്ജയ് ബാനർജി അറിയിച്ചു.

അധികാരികളുടെ അനാസ്ഥ: മലയാളി യുവാവ് ഗുരുതരാവസ്ഥയിൽ

മാട്ടുംഗ: ജോലികഴിഞ്ഞു വരുമ്പോൾ വണ്ടിയിൽനിന്ന് വീണ് അപകടം പറ്റിയ മലയാളി യുവാവ് ഡോക്ടർമാർ തക്കസമയത്ത് പരിചരിക്കാത്തതുകൊണ്ട് ഗുരുതരാവസ്ഥയിൽ സയൺ ഹോസ്പിറ്റലിൽ കഴിയുന്നു.

മാട്ടുംഗയിൽ താമസിക്കുന്ന കാസർകോട് സ്വദേശി മുഹമ്മദ് ഷരീഫ് ബാവയാണ് അത്യാസന്നനിലയിൽ ഐ.സി.യുവിൽ കിടക്കുന്നത്.

അപകടം പറ്റി മാട്ടുംഗ റെയിൽപ്പാളത്തിൽ കിടക്കുകയായിരുന്ന മുഹമ്മദ് ഷരീഫിനെ പലരും കണ്ടെങ്കിലും ആരും രക്ഷിക്കാൻ ശ്രമിച്ചിരുന്നില്ല. പിന്നീട് അതുവഴി വന്ന ഒരാൾ യുവാവിനെ പ്ലാറ്റ്ഫോമിൽ കൊണ്ടുകിടത്തുകയായിരുന്നു. വണ്ടി ഇറങ്ങിവരുകയായിരുന്ന കൂത്തുപറമ്പ് സ്വദേശി പ്രകാശാണ് റെയിൽവേ പൊലീസിന്റെ സഹായത്തോടെ ടാക്സിയിൽ യുവാവിനെ സയൺ ഹോസ്പിറ്റലിൽ എത്തിച്ചത്. ഗുരുതരാവസ്ഥയിൽ ആയിരുന്നിട്ടും ആശുപത്രി അധികാരികൾ വളരെ നിസാരമായ രീതിയിലാണ് ഇടപെട്ടതെന്ന് പ്രകാശ് പറയുന്നു. യുവാവിന്റെ രക്തം പുരണ്ട വസ്ത്രങ്ങൾ അഴിച്ചുമാറ്റാനും തുടച്ച് വൃത്തിയാക്കാനുമെല്ലാം തന്നോടാണ് ഡോക്ടർ പറഞ്ഞതെന്ന് അയാൾ പറയുന്നു. 6.45ന് ആശുപത്രിയിലെത്തിച്ച യുവാവിനെ മണിക്കൂറുകൾക്കു ശേഷമാണ് പരിശോധിച്ചത്. വ്യക്തയൊന്നും പ്രവർത്തിക്കുന്നില്ല, രക്ഷപ്പെടില്ല എന്നു ഡോക്ടർ പറഞ്ഞപ്പോൾ പ്രകാശ് തന്റെ മുതലാളിയെ വിളിച്ചുവരുത്തുകയും പിന്നീട് കേരള മുസ്ലീം ജുമാ അത്തുമായി ബന്ധപ്പെടുകയും ചെയ്തു.

പുലർച്ചെ മൂന്നിനാണ് ഓപ്പറേഷൻ തീയറ്ററിലേക്ക് യുവാവിനെ കൊണ്ടുപോയത്. ഇതിനിടയിൽ ചില കടലാസുകളിൽ പ്രകാശിനെക്കൊണ്ട് ഒപ്പിടിവിക്കുകയും ചെയ്തു. 8 കുപ്പി രക്തമാണ് ഷരീഫിന് വേണ്ടിവന്നത്. ഇദ്ദേഹത്തിന്റെ മൂന്നു സഹോദരൻമാരും മുമ്പ് മുംബയിലെ വിവിധ ഭാഗങ്ങളിൽ ട്രെയിനപകടങ്ങളിലാണ് മരണപ്പെട്ടതെന്ന് പരിചയമുള്ളവർ പറയുന്നു.

മാനുഷിക പരിഗണനവച്ച് ഒരാളെ രക്ഷപ്പെടുത്തിയാലും അധികാരികളിൽനിന്ന് മനുഷ്യത്വമില്ലാത്ത സമീപനമാണ് ലഭിക്കുന്നതെന്ന് പ്രകാശ് പറഞ്ഞു. "ഇതുപോലുള്ള പെരുമാറ്റമാണ് അപകടം സംഭവിച്ചാൽ രോഗി മരിക്കാനും അപകടം പറ്റിയവരെ മറ്റുള്ളവർ സഹായിക്കാതിരിക്കാനും കാരണം." കേരള മുസ്ലീം ജുമാ അത്തിന്റെ പ്രവർത്തകരാണ് മുഹമ്മദ് ഷരീഫ് ബാവയുടെ ചികിത്സാകാര്യങ്ങൾ ഇപ്പോൾ നോക്കുന്നത്.

എം.എൻ.എസ് പ്രവർത്തകർ എയർടെൽ ഗാലറി ആക്രമിച്ചു

മുംബയ്: മറാഠി ഭാഷയിൽ സന്ദേശങ്ങൾ അനൗൺസ് ചെയ്യണമെന്നാവശ്യപ്പെട്ട് നവനിർമ്മാൺ സേനാ പ്രവർത്തകർ ബാന്ദ്രയിലെ എയർടെല്ലിന്റെ കസ്റ്റമർ സർവീസ് ഗാലറി തല്ലിത്തകർത്തു.

ഇന്നലെ ഉച്ചയോടെയാണ് അമ്പതോളം എം.എൻ.എസ് പ്രവർത്തകർ ബാന്ദ്രലക്കി ഹോട്ടലിനു സമീപമുള്ള എയർടെല്ലിന്റെ കസ്റ്റമർ സർവീസ് സെന്ററിലേക്ക് മുദ്രാവാക്യവുമായി എത്തിയത്.

പ്രവർത്തകരെ സെക്യൂരിറ്റി ജീവനക്കാർ തടഞ്ഞുവെങ്കിലും അകത്തേക്ക് അതിക്രമിച്ചു കയറിയ ഇവർ ചില്ലുകളും ഫർണിച്ചറുകളും തല്ലിത്തകർക്കുകയായിരുന്നു. പൊലീസ് സ്ഥലത്തെത്തുമ്പോഴേക്കും അക്രമികൾ സ്ഥലംവിട്ടിരുന്നു. എയർടെൽ അധികൃതർ നൽകിയ പരാതിയിൽ പൊലീസ് കേസെടുത്ത് അന്വേഷണം നടത്തിവരികയാണ്.

എം.എൻ.എസ് പ്രവർത്തകർ തല്ലിത്തകർത്ത ബാന്ദ്രയിലെ എയർടെൽ കസ്റ്റമർ സർവീസ് സെന്റർ

കാരുണ്യ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന വനിതാദിനാഘോഷം മാർ തോമസ് ഇലവനാൽ ഉദ്ഘാടനം ചെയ്യുന്നു.

വനിതാദിനം ആഘോഷിച്ചു

കല്യാൺ: കല്യാൺ രൂപത കാരുണ്യാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആചാര്യ പ്രഫ്ലാദ് കേശവ് ആന്തരെ ഓഡിറ്റോറിയത്തിൽ വനിതാദിനം ആഘോഷിച്ചു. കല്യാൺ രൂപ താദ്ധ്യക്ഷൻ മാർ തോമസ് ഇലവനാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താനെ ജില്ലാ ഗ്രാമീൺ വികസന ബോർഡ് അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടർ മിനൽ ഭാനേ മുഖ്യാതിഥിയായിരുന്നു. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്നുകൊണ്ട് സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി പരിശ്രമിക്കണമെന്ന് മാർ തോമസ് ഇലവനാൽ ഉദ്ബോധിപ്പിച്ചു. കല്യാൺ ഹോളി ക്രോസ് സ്കൂൾ വിദ്യാർത്ഥികളുടെ നൃത്തനൃത്യങ്ങളും കല്യാൺ എപ്പാർക്കി യൂത്തും സെൽഫ് ഹെൽപ്പ് ഗ്രൂപ്പും നടത്തിയ കലാപരിപാടികളും ഉണ്ടായിരുന്നു. കല്യാൺ, അംബർനാഥ്, ഭീവണ്ടി താലൂക്കുകളിലെ ആയിരത്തോളം സ്ത്രീകൾ യോഗത്തിൽ പങ്കെടുത്തു. കാരുണ്യ ട്രസ്റ്റ് ഡയറക്ടർ ഫാ. ഷിബു പുളിക്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിജു മണ്ണുംചേരിൽ, സിസ്റ്റർ എഡിത്ത്, സിസ്റ്റർ ബെറ്റി, കാരുണ്യാ ട്രസ്റ്റ് ജീവനക്കാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

മാലിദ്വീപിൽ ഹണിമൂണിനു പോകാൻ രാഹുൽ മഹാജന് പാസ്പോർട്ട്

മുംബയ്: മയക്കുമരുന്നു കേസിൽ അറസ്റ്റ് ചെയ്തപ്പോൾ പിടിച്ചെടുത്ത, റിയാലിറ്റി ഷോ താരം രാഹുൽ മഹാജന്റെ പാസ്പോർട്ട് ഉപാധികളോടെ തിരിച്ചുകൊടുക്കാൻ ഡൽഹി കോടതിയുടെ ഉത്തരവ്.

ഹണിമൂണിനുവേണ്ടി മാലിദ്വീപിലേക്ക് പോകാൻ രാഹുൽ പാസ്പോർട്ട് തിരിച്ചുകിട്ടുന്നതിനു വേണ്ടി ഹർജി നൽകിയിരുന്നു. 5 ലക്ഷത്തിന്റെ സ്ഥിരനിക്ഷേപവും തിരിച്ചുകിട്ടാനായി മറ്റൊരു 5 ലക്ഷം രൂപയുംകൂടി നൽകി പാസ്പോർട്ട് രാഹുൽ മഹാജന് വാങ്ങാം.

ഹിന്ദി അടിച്ചേൽപ്പിക്കരുതെന്ന് രാജ് താക്കറെ

മുംബയ്: ഹിന്ദി ഭാഷയ്ക്ക് നവനിർമ്മാൺ സേന എതിരല്ലെന്നും എന്നാൽ മറാഠി ഭാഷ സംസാരിക്കുന്നവരുടെ മേൽ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കരുതെന്നും നവനിർമ്മാൺ സേന അദ്ധ്യക്ഷൻ രാജ് താക്കറെ പറഞ്ഞു. പാർട്ടിയുടെ നാലാം സ്ഥാപകദിനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ് താക്കറെ.

പ്രകോപനപരമായ പ്രസംഗം നടത്തരുതെന്ന് സുപ്രീംകോടതി കഴിഞ്ഞ ദിവസം നിർദ്ദേശം നൽകിയതിനു തൊട്ടുപിന്നാലെയാണ് രാജ് താക്കറെയുടെ പരാമർശം വന്നിരിക്കുന്നത്.

മുംബയിലെ കഠിനമായ ജലക്ഷാമത്തിനു കാരണം കുടിയേറ്റക്കാരാണെന്നു പറഞ്ഞ രാജ് താക്കറെ, പൈപ്പ് ലൈൻ ചോർത്തി വെള്ളം മോഷ്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പ്രവർത്തകരോട് ആഹ്വാനം ചെയ്തു. റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും മറാഠിയിൽ അനൗൺസ്മെന്റ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും രാജ് പ്രവർത്തകർക്ക് നിർദ്ദേശം നൽകി.

വനിതാ സംവരണ ബില്ലിന് എം.എൻ.എസ് പൂർണ്ണ പിന്തുണ നൽകുമെന്നും രാജ് താക്കറെ വ്യക്തമാക്കി.

നിര്യാതയായി

തൃശൂർ: കലാകൗമുദി മുംബയ് ലേഖകൻ കാട്ടൂർ മുരളിയുടെ മാതാവ് കാട്ടികുളം വീട്ടിൽ സുഭദ്ര ബാലകൃഷ്ണൻ (82) നിര്യാതയായി.

പരേതനായ അജയ് കുമാർ, തിലകൻ, സുരേന്ദ്രൻ എന്നിവരാണ് മറ്റു മക്കൾ. കലാകൗമുദി പബ്ലിക്കേഷൻസ് (പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയറക്ടർ എം.സുകുമാരൻ അനുശോചിച്ചു.

ജീൻസ് ധരിക്കാൻ അനുവദിക്കാത്തതിന്റെ പേരിൽ വിവാഹിത ആത്മഹത്യ ചെയ്തു

മുംബയ്: ജീൻസിടാൻ സമ്മതിക്കാത്തതുകൊണ്ടും കൂട്ടുകാരോട് മൊബൈലിൽ സംസാരിക്കാൻ അനുവദിക്കാത്തതിലും പ്രതിഷേധിച്ച് വിവാഹിത ആത്മഹത്യ ചെയ്തു. കാന്തിവ്ലി വെസ്റ്റിൽ താമസിക്കുന്ന കിരൺ ഗുപ്ത (22) യാണ് ഭർത്താവിന്റെയും വീട്ടുകാരുടെയും മാനസികപീഡനത്തിൽ മനം നൊന്ത് തൂങ്ങിമരിച്ചത്. ആത്മഹത്യാ പ്രേരണയുടെ പേരിൽ ഭർത്താവ് മനോജ് ഗുപ്തയെയും അച്ഛൻ മിശ്രയിലാൽ ഗുപ്തയെയും പൊലീസ് അറസ്റ്റ് ചെയ്തു.

കഴിഞ്ഞ വർഷം വിവാഹിതയായതിനു ശേഷം മൊബൈലിൽ സംസാരിക്കുന്നതിന്റെ പേരിലും ജീൻസ് ധരിക്കുന്നതിന്റെ പേരിലും നിരന്തരമായി പീഡിപ്പിക്കാറുണ്ടായിരുന്നുവെന്ന് മകൾ പറഞ്ഞതായി അച്ഛൻ ശിവപ്രകാശ് പൊലീസിനോട് പറഞ്ഞു.

പ്രവീൺചന്ദ്ര ഗാന്ധി നിര്യാതനായി

മുംബയ്: പി.ടി.ഐ മുൻ ചെയർമാനും ജൻമഭൂമി ഗ്രൂപ്പ് ചെയർമാനുമായ പ്രവീൺ ചന്ദ്ര ഗാന്ധി (87) നിര്യാതനായി. ഏറെ നാളായി അസുഖത്തിലായിരുന്നു. ദീർഘകാലം പി.ടി.ഐ ബോർഡംഗമായിരുന്ന ഇദ്ദേഹം 1994 മുതൽ 98 വരെ പി.ടി.ഐ ചെയർമാനായിരുന്നു. ഭാര്യയും രണ്ടു മക്കളുമുണ്ട്. ശവസംസ്കാരം ചന്ദൻവാഡി ശ്മശാനത്തിൽ നടന്നു.

ചോട്ടാ ഷക്കീലിന്റെ സഹോദരൻ ദുബായിയിൽ അറസ്റ്റിൽ

മുംബയ്: അധോലോക നായകൻ ചോട്ടാ ഷക്കീലിന്റെ സഹോദരൻ അൻവർ ഷെയ്ഖിനെ ദുബായ് പൊലീസ് അറസ്റ്റ് ചെയ്തു. വ്യാജ പാസ്പോർട്ട് ഉപയോഗിച്ച് യാത്ര ചെയ്ത കുറ്റത്തിനാണ് അൻവറിനെ ഹോട്ടൽ അൽ ഹയാത്ത് റസിഡൻസിയിൽ വച്ച് ദുബായ് പൊലീസ് അറസ്റ്റ് ചെയ്തത്. അൻവറിനോടൊപ്പം ഹോട്ടൽമുറിയിലുണ്ടായിരുന്ന അധോലോക പ്രവർത്തകൻ സലീദ് മേമനെയും പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ചോട്ടാ ഷക്കീലിനോടൊപ്പം കഴിഞ്ഞ ഏതാനും വർഷങ്ങളായി കറാച്ചിയിൽ താമസിച്ചുവരികയായിരുന്ന അൻവർ ഷക്കീലിന്റെ പേരിൽ അധോലോക പ്രവർത്തനം നടത്തിവരികയായിരുന്നു. മുംബയ്, ഗുജറാത്ത് എന്നിവിടങ്ങളിലായി അൻവറിനെതിരെ ഭീഷണിപ്പെടുത്തി പണം പിരിച്ചതിന് ഏതാനും കേസുകൾ നിലവിലുണ്ടെന്ന് മുംബയ് പൊലീസ് അറിയിച്ചു. ഒരുകാലത്ത് ദാവൂദ് ഇബ്രാഹിമിന്റെ അടുത്ത സുഹൃത്തും കുപ്രസിദ്ധ കള്ളക്കടത്തുകാരനുമായ ഹാജി അഹമ്മദിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കാൻ രണ്ടു ദിവസം മുമ്പാണ് അൻവർ ദുബായിലെത്തിയത്. അൻവർ കറാച്ചിയിൽനിന്ന് ദുബായിലെത്തുന്നുണ്ടെന്ന വിവരം ദുബായ് പൊലീസിനു ചോർത്തിക്കൊടുത്തതിനു പിന്നിൽ അധോലോക പ്രവർത്തകർക്കിടയിലെ ചേരിപ്പോരാണെന്നാണ് പറയപ്പെടുന്നത്. അതേസമയം അൻവറിന്റെ അറസ്റ്റിനെക്കുറിച്ച് പ്രതികരിക്കാൻ മുംബയ് സിറ്റി പൊലീസും സി.ബി.ഐയും വിസമ്മതിച്ചു.

മീരാറോഡ് അയ്യപ്പക്ഷേത്രത്തിൽ ആരംഭിച്ച ചെണ്ടമേള പഠനകളരി.

ചെണ്ടമേള പഠനകളരി ആരംഭിച്ചു

മീരാറോഡ്: മീരാറോഡ് അയ്യപ്പക്ഷേത്രത്തിൽ ചെണ്ടമേള പഠനകളരി ആരംഭിച്ചു. ക്ഷേത്രാങ്കണത്തിൽ ചെണ്ടമേള, തായമ്പക വിദഗ്ദ്ധൻ അച്യുതൻ മാരാരുടെ ശിക്ഷണത്തിലാണ് പഠനകളരി. കുട്ടികളും മുതിർന്നവരുമടക്കം 20 പേരാണ് ഇപ്പോൾ പഠനകളരിയിലുള്ളത്. ക്ഷേത്രകലയെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം അന്യനാട്ടിൽ വളരുന്ന കുട്ടികൾ മലയാളഭാഷയുടെ തനതായ പാരമ്പര്യം നിലനിറുത്തുന്നതിനും ഇവിടെ ജനിച്ചുവളർന്ന കുട്ടികൾക്കും മുതിർന്നവർക്കും അവസരം നൽകുന്നതിനും കേരളകലയെ അടുത്തറിയുന്നതിനുംവേണ്ടിയാണ് ഈ സംരംഭമെന്ന് അയ്യപ്പ സമിതി സെക്രട്ടറി ഗോപാലകൃഷ്ണൻ പറഞ്ഞു.